HSSLiVE.IN HSSLiVE.IN HSSLiVE.IN HSSLiVE.IN HSSLiVE.IN

Code No. SY 02

# SECOND YEAR MODEL EXAMINATION FEBRUARY- 2018
## PART II
## MALAYALAM

**Maximum : 80 Scores**

HSE II

Time : $2^1/_2$ hrs
Cool off time : 15 Minutes

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ വിഭാഗത്തിലും നിർദ്ദേശിക്കപ്പെട്ട എണ്ണം ചോദ്യങ്ങൾക്ക് മാത്രമേ ഉത്തരം എഴുതേണ്ടതുള്ളൂ.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

**1 മുതൽ 7 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ആറെണ്ണത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക. (സ്കോർ 2 വീതം)**

1. "നെഞ്ചത്തൊരു പന്തം കുത്തി നിൽപ്പൂ കാട്ടാളൻ......" കിരാത വൃത്തത്തിലെ ഈ ബിംബ കല്പനയുമായി ബന്ധമുള്ള സൂചനകൾ എടുത്തെഴുതുക.
   - ◆ പടയണിയിലെ ഭൈരവിക്കോലത്തിന്റെ സ്വാധീനം
   - ◆ കാക്കാരശ്ശിനാടകത്തിന്റെ സ്വാധീനം
   - ◆ കാട്ടാളന്റെ അടങ്ങാത്ത രോഷത്തിന്റെ ആവിഷ്കാരം
   - ◆ മാജിക്കൽ റിയലിസത്തിന്റെ സ്വാധീനം

2. പ്രകാശം ജലം പോലെയാണ് എന്ന കഥയിലെ കുട്ടികൾ നേടുന്ന സ്വാതന്ത്ര്യത്തെ പ്രതീകാത്മകമായി അവതരിപ്പിക്കുന്ന സൂചനകൾ എടുത്തെഴുതുക.
   - ◆ കാട്ജിനയിൽ നിന്നും പലായനം ചെയ്ത കുടുംബം
   - ◆ അമ്മയുടെ അക്വേറിയത്തിൽ നിന്നും സ്വതന്ത്രമായ വർണ്ണമത്സ്യങ്ങൾ
   - ◆ വെള്ളത്തെ സ്പർശിക്കുന്നിടത്ത് സ്വർണവരകളുള്ള അലുമിനിയം വള്ളം.
   - ◆ ആകാശത്തു സ്വന്തം ചിറകുകൾ വിടർത്തി പറന്ന വീട്ടുപകരണങ്ങൾ

3. ആട്ടക്കഥയിൽ ശ്ലോകങ്ങൾ ഉപയോഗിക്കുന്നത് എന്തിനെല്ലാമെന്ന് സൂചനകളിൽനിന്ന് തെരഞ്ഞെടുക്കുക.
   - ◆ കഥാപാത്ര സംഭാഷണങ്ങൾ അവതരിപ്പിക്കുന്നതിന്.
   - ◆ മേളക്കാർക്കുള്ള നിർദ്ദേശങ്ങൾ നൽകുന്നതിന്.
   - ◆ രണ്ട് പദങ്ങൾക്കിടയിലെ കഥാപരമായ വികാസം സൂചിപ്പിക്കുന്നതിന്
   - ◆ നാന്ദി, ഈശ്വരസ്തുതി തുടങ്ങിയവ അവതരിപ്പിക്കുന്നതിന്.

4. 'അഗ്നിവർണന്റെ കാലുകളിൽ' കാണുന്ന തനതുനാടക സവിശേഷതകൾ എടുത്തെഴുതുക.

- താളനിബദ്ധമായ സംഭാഷണങ്ങൾ
- ലോകധർമ്മിയായ അഭിനയരീതി
- പാട്ടും ആട്ടവും കൊട്ടും ചേർന്ന അവതരണരീതി
- മെലോഡ്രാമയുടെ അമിതസ്വാധീനം

5. 'എവിടെപോയെന്റെ കിടാങ്ങൾ.............'. കുട്ടികൾക്ക് അരുതാത്തതു സംഭവിച്ചെന്നു കാട്ടാളനു തോന്നാനുള്ള കാരണങ്ങൾ സൂചനകളിൽനിന്നും എടുത്തെഴുതുക.

- തളിരെല്ലുകൾ കരിയുന്ന മണം നാഡികളിൽ നിറയുന്നു
- കറുകപ്പുൽത്തുമ്പത്ത് അമ്പിളി കളമെഴുതിപ്പാടുന്നു
- സൂര്യനു നിഴലായി അമ്പിളി വളരുന്നു.
- മലരുരുകിയൊലിക്കും നിറം ദിക്കുകളിൽ നിറയുന്നു.

6. അറബിമലയാള സാഹിത്യത്തിലെ പ്രധാന വിഭാഗങ്ങളെപ്പറ്റി ലഘുകുറിപ്പെഴുതുക.

7. 'അത്ഭുതമെന്നേപറയേണ്ടൂ - ദേവസ്യക്കല്ല,
പറ്റിയതു തേങ്ങയ്ക്കായിരുന്നു!
ഈ വരികളിൽ നിന്നും ഹാസ്യം ജനിക്കുന്നതെങ്ങനെയെന്ന്
വ്യക്തമാക്കുന്ന ലഘു കുറിപ്പ് എഴുതുക (6x2 =12)

**8 മുതൽ 12 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് നാലോ അഞ്ചോ വാക്യങ്ങളിൽ ഉത്തരമെഴുതുക. (സ്കോർ 4 വീതം)**

8. 'പിറവീലുള്ളൊരു ജാതകദോഷം
കുറയല്ലതുകൊണ്ടിങ്ങനെ നമ്മെ
ക്കുറവുപറഞ്ഞു നശിപ്പിക്കുന്നു
കുറവറ്റീടിന മുനികുലനാഥൻ'

(കൊള്ളിവാക്കല്ലാതൊന്നും)

ശീലാവതി പരിഭവം പറയുന്ന സന്ദർഭമാണിത്. പ്രശ്നങ്ങളോട് ശീലാവതി പുലർത്തുന്ന പരിഭവം കലർന്ന സമീപനത്തോട് നിങ്ങൾ യോജിക്കുന്നോ? പ്രതികരണക്കുറിപ്പ് എഴുതുക.

9. 'ചരിത്രവസ്തുതകളും ഐതിഹ്യങ്ങളും ഇടകലർന്ന രചനാരീതിയാണ് എം.പി. വീരേന്ദ്രകുമാറിന്റെ യാത്രാവിവരണങ്ങളെ ആകർഷകമാക്കുന്നത്'

'യമുനോത്രിയുടെ ഊഷ്മളതയിൽ ' എന്ന പാഠത്തിൽ നിന്നും ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ച് ഈ പ്രസ്താവന സാധൂകരിക്കുന്ന ലഘുകുറിപ്പെഴുതുക.

10. "നല്ലതുവല്ലോ മോഷ്ടിച്ചാലുടനേ - അവനേ - വെറുതേ
കള്ളനാക്കും നിങ്ങടെ ചട്ടം"
മോഷണം എന്ന കവിതയിലെ മോഷ്ടാവ്, കള്ളൻ എന്നീ പദങ്ങൾ സൃഷ്ടിക്കുന്ന ഹാസ്യത്തിന്റെ തലം വ്യക്തമാക്കുക.

11. 'മരിച്ചവരുടെ ഛായാചിത്രങ്ങൾ മാത്രം വിൽക്കുന്ന
ഒരു തെരുവായിരുന്നു അത് ' (ആദ്യവാക്യം)
'മരിച്ചവരുടെ ഛായാചിത്രങ്ങൾ മാത്രം വിൽക്കുന്ന
ഒരു തെരുവായിരുന്നല്ലോ അത് ' (അവസാനവാക്യം)

(അവകാശങ്ങളുടെ പ്രശ്നം)

കഥയുടെ തുടക്കത്തിലും അവസാനവുമുള്ള ഈ വാക്യങ്ങളിൽ സൂചിതമാവുന്ന ദിവാകരന്റെ പരിണാമം വ്യക്തമാക്കുക.

HSSLiVE.IN HSSLiVE.IN HSSLiVE.IN HSSLiVE.IN HSSLiVE.IN

12. ആരോഗ്യരംഗത്തെ കിടമത്സരങ്ങളെപ്പറ്റി 'ഗൗളിജന്മം' എന്ന കഥയിൽനിന്നു ലഭിക്കുന്ന സൂചനകൾ എന്തെല്ലാം? (4x4 =16)

**13 മുതൽ 18 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഉത്തരമെഴുതുക.**
**(ഒരു പുറത്തിൽ കവിയരുത്, സ്കോർ 6 വീതം)**

13. 'നളനില്ലൊരപരാധം പോൽ, ഉണ്ടെന്നാകിലും
കുലനാരിക്കരുതു കോപം പോൽ'

(കേശിനീമൊഴി)

കുലനാരിമാരെക്കുറിച്ചുള്ള കേശിനിയുടെ അഭിപ്രായത്തോട്, 'കണ്ണാടി കാൺമോളവും' , 'കൊള്ളിവാക്കല്ലാതൊന്നും' എന്നീ പാഠങ്ങളിലെ ആശയങ്ങൾകൂടി പ്രയോജനപ്പെടുത്തി ഒരു പ്രതികരണക്കുറിപ്പെഴുതുക.

14. പരമ്പരാഗതമാധ്യമങ്ങളുടെയും നവമാധ്യമങ്ങളുടെയും ശക്തിദൗർബല്യങ്ങൾ വിലയിരുത്തുന്ന ഒരു താരതമ്യക്കുറിപ്പ് തയാറാക്കുക.

15. 'ഞങ്ങൾക്ക് നിങ്ങളെ സഹായിക്കാൻ കഴിയും'
'ഞങ്ങൾ പാതി നിങ്ങൾ പാതി എന്നതാണ്
ഇവിടത്തെ പ്രമാണം'

'ഏതെങ്കിലും കുറേപടങ്ങൾ പോരേ,
ഇന്നതുതന്നെ വേണമെന്നു നിർബന്ധം പിടി
യ്ക്കുന്നതു ബുദ്ധിയാണോ?

(അവകാശങ്ങളുടെ പ്രശ്നം)

ദിവാകരൻ എത്തിച്ചേർന്ന തെരുവിലെ കച്ചവടക്കാരുടെ വാക്കുകൾ പ്രതിഫലിപ്പിക്കുന്ന, വിപണികളുടെ പ്രത്യേകതകൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

16. 'അവർ മുമ്പ് താമസിച്ചിരുന്ന കാട്ജിന എന്ന തുറമുഖ നഗരം'
'ഇപ്പോൾ അവർ താമസിക്കുന്ന മാഡ്രിഡ് എന്ന യൂറോപ്യൻ പരിഷ്കൃതനഗരം'

(പ്രകാശം ജലം പോലെയാണ്)

രണ്ടു നഗരങ്ങളുടേയും വ്യത്യസ്തതകൾ കുട്ടികളുടെ ജീവിതത്തിൽ വരുത്തിയ സ്വാധീനം കഥയിൽ പ്രകടമാകുന്നതെങ്ങനെയെന്ന് വ്യക്തമാക്കുന്ന ലഘൂപന്യാസം തയാറാക്കുക.

17. 'പദത്തിന്റെ പഥത്തിൽ' എന്ന പാഠത്തിൽ കലാമണ്ഡലം ഹൈദരലി തന്റെ ഗുരുക്കന്മാരെ അനുസ്മരിക്കുന്നുണ്ടല്ലോ. അതിന്റെ വെളിച്ചത്തിൽ, ഗുരുശിഷ്യബന്ധങ്ങൾ ഊഷ്മളമാകേണ്ടതിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന ഒരു പ്രഭാഷണം തയാറാക്കുക.

18. 'ഉറച്ച നിലപാടുകളും വ്യക്തിത്വവും സ്വതന്ത്ര ചിന്തയുമുള്ള സ്ത്രീയുടെ പ്രതീകമാണ് **ഗൗളീജന്മത്തിലെ പെൺഗൗളി'**

**ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ ഗൗളീജന്മത്തിലെ പെൺഗൗളിയുടെ സ്വഭാവസവിശേഷതകൾ വിവരിക്കുന്ന കുറിപ്പ് തയാറാക്കുക.** (5x6 =30)

**കാവ്യഭാഗം വായിച്ച് 19 മുതൽ 21 വരെ ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (സ്കോർ 2 വീതം)**

കുടലിലേക്കന്നത്തെക്കഞ്ഞിക്കായി
ഉരിയരി, യുപ്പും മുളകുമായി
പടികടന്നെത്തുന്നൊരച്ഛനെക്കണ്ടപ്പോൾ,
പറയുവാൻ തോന്നി, 'മാവേലിവന്നു'!
പാവമാമമ്മയ്ക്കും തോന്നി, തന്റെ
മാവേലി മറ്റൊരാളല്ല തന്നെ!

HSSLiVE.IN HSSLiVE.IN HSSLiVE.IN HSSLiVE.IN HSSLiVE.IN

ഉപ്പും മുളകുമരിയും, പതിവില്ലാ-
തുപ്പേരിക്കുള്ള വകയുമായി
ഉത്രാട നാളച്ഛനെത്തിയപ്പോൾ
ഉത്സവമായി ' മാവേലിവന്നു!'
പാവമാമമ്മയ്ക്കും തോന്നിയപ്പോൾ
മാവേലി നമ്മൾക്കു മറ്റാരാനോ!

ഒരു പഴമ്പായിൽ ചുരുണ്ടുകൂടിക്കിട
ന്നൊടുവിൽ മാവേലിയുറക്കമായി!

(അവരുടെ മാവേലി - ഒ.എൻ.വി. കുറുപ്പ്)

19. അച്ഛനാണ് മാവേലിയെന്ന് അമ്മയ്ക്കു തോന്നുവാൻ കാരണമെന്ത്?

20. മാവേലിയെക്കുറിച്ച് ഈ കവിതാഭാഗം മുന്നോട്ടുവയ്ക്കുന്ന സങ്കല്പം എന്ത്?

21. കവിതാഭാഗത്തെ അച്ഛന്റെ സ്വഭാവസവിശേഷതകൾ ലഘുകുറിപ്പായി എഴുതുക.

(3x2=6)

**22 മുതൽ 24 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരം എഴുതുക.**
**(ഒന്നരപ്പുറത്തിൽ കവിയരുത്, സ്കോർ 8 വീതം)**

22. സ്ഥിതിവിവരക്കണക്കുകളും വിശകലനങ്ങളുംകൊണ്ട് വിരസമാകാറുള്ള സ്പോർട്സ് ഫീച്ചറുകളെ വൈകാരികാനുഭവമാക്കി മാറ്റുന്നതിന് മികച്ച ഉദാഹരണമാണ്. 'വാംഖഡെയുടെ ഹൃദയത്തുടിപ്പുകൾ'

ഈ പ്രസ്താവനയുടെ സാധുത പരിശോധിച്ച് നിരൂപണലേഖനം തയാറാക്കുക.

23. 'ഭരണകൂടത്തോട് അടുത്തു നിൽക്കാനും അധികാരത്തിന്റെ ഇടനാഴികളിൽ തമ്പടിക്കുന്ന ഉപജാപകവൃന്ദത്തിൽ അംഗമാകാനും മത്സരിക്കുന്ന സമകാലിക ജീർണ്ണതയുടെ പ്രതീകങ്ങളാണ് വിദൂഷകൻ, രാജഗുരു, കൊത്തുവാൾ തുടങ്ങിയ കഥാപാത്രങ്ങൾ'.

'അഗ്നിവർണന്റെ കാലുകൾ' എന്ന നാടകത്തെ ആസ്പദമാക്കി ഈ കഥാപാത്രങ്ങളുടെ സ്വഭാവം നിരൂപണം ചെയ്യുക.

24. 'കണ്ണാടി കാൺമോളവും' എന്ന പാഠത്തിലെ ശകുന്തള, 'കൊള്ളിവാക്കല്ലാതൊന്നും' എന്ന പാഠത്തിലെ ശീലാവതി എന്നീ കഥാപാത്രങ്ങളെ ആസ്പദമാക്കി 'സാഹിത്യത്തിലെ സ്ത്രീജീവിതങ്ങൾ' എന്ന വിഷയത്തിൽ ഒരു പ്രഭാഷണം തയാറാക്കുക.

(2x8=16)